# കമലാ സുറയ്യയുടെ ഖബറടക്കവും അപശബ്ദങ്ങളും

**മറ്റൊരു** സാഹിത്യകാരിക്കും ലഭിക്കാത്ത ബൃഹത്തും സ്നേഹാദര നിർഭരവുമായ മരണാനന്തര യാത്രാ മംഗളമാണ് കമലാ സുറയ്യക്ക് ലഭിച്ചത്. എന്നാൽ, ദീർഘകാലമായി താൻ അറിഞ്ഞും പഠിച്ചും ബോധ്യം വന്ന ഒരു ജീവിതദർശനത്തിന്റെ വക്താവും പ്രയോക്താവുമായി മാറിയതു മുതൽ ചിലർ തൊടുത്തുവിട്ട അസഹിഷ്ണുതയുടെയും സങ്കുചിത വർഗീയതയുടെയും കൂരമ്പുകൾ അവരുടെ മരണാനന്തരവും തുടരുകയാണെന്ന് പത്രവാർത്തകൾ വിളിച്ചുപറയുന്നു.

യുക്തിവാദികളും വർഗീയവാദികളും ചില സാംസ്കാരിക നായകരും ഇതിൽ പങ്കുചേർന്നിരിക്കുകയാണ്. 'മാധവിക്കുട്ടി സാഹിത്യ പ്രേമികളുടെ പൊതു സ്വത്താകയാൽ അവരെ ഒരു മതവിഭാഗത്തിന്റെ മതിൽക്കെട്ടിനുള്ളിൽ സംസ്കരിക്കുന്നത് ശരിയല്ലെ'ന്നാണ് ചില യുക്തിവാദികളുടെ വിചിത്ര വാദം. ഇവരുടെ വാദം അംഗീകരിക്കുകയാണെങ്കിൽ, മരണപ്പെടുന്ന ഒറ്റ സാഹിത്യകാരന്റെയും കലാകാരന്റെയും മൃതദേഹം അവരുടെ ആഗ്രഹാഭിലാഷങ്ങൾക്കെതിരാണെന്ന് വരികിലും, പള്ളി വളപ്പിലോ ക്ഷേത്രവളപ്പിലോ സംസ്കരിക്കാൻ പാടില്ലെന്നു വന്നേക്കും.

“അവരുടെ ശരീരം സംസ്കരിക്കേണ്ടത്, പിറന്നു വീണ തറവാടിലെ മണ്ണിൽ തന്നെ ആയിരിക്കണ”മെന്നാണ് സുകുമാർ അഴീക്കോടിന്റെ 'സുചിന്തിത'മായ അഭിപ്രായം. നാലപ്പാട്ടെ മണ്ണിനെ മറന്ന്, തിരുവനന്തപുരത്ത് പാളയം പള്ളിയിൽ ഭൗതികശരീരം സംസ്കരിക്കാനുള്ള തീരുമാനം സാംസ്കാരിക കേരളം മാധവിക്കുട്ടിയോട് ചെയ്യുന്ന ക്രൂരതയാണെന്നാണ് അഴീക്കോടിനെ ഉദ്ധരിച്ചുകൊണ്ട് സംഘ്പരിവാർ പത്രം എഴുതിയത്. “ഞാൻ മരിച്ചാൽ എന്നെ ഇസ്ലാമിക വിധി പ്രകാരം സംസ്കരിക്കാമെന്ന് വാക്ക് നൽകണമെന്ന് അവർ എന്നോട് ആവശ്യപ്പെട്ടിരുന്നു. മൂത്ത മകൻ എന്ന നിലയിൽ ഈ വാഗ്ദാനമാണ് ഞാൻ നിറവേറ്റിയത്.” കമലാ സുറയ്യയുടെ ഭൗതിക ശരീരം നാലപ്പാട്ടെ മണ്ണിനു പകരം തിരുവനന്തപുരം പാളയം പള്ളി ഖബ്റിടത്തിൽ സംസ്കരിച്ചതിന്റെ ന്യായം, മകൻ എം.ഡി നാലപ്പാട്ട് വ്യക്തമാക്കിയതിങ്ങനെയാണ്. മരണാസന്നയായ വ്യക്തിയുടെ അന്ത്യാഭിലാഷത്തിനെതിരായി പ്രവർത്തിക്കുന്നതാണ് ക്രൂരത എന്ന സത്യം, സുറയ്യയുടെ ശവസംസ്കാരത്തിന്റെ പേരിൽ കലപില കൂട്ടുന്നവർ തിരിച്ചറിയാത്തതാണ് കഷ്ടം. മലയാളത്തിന്റെ പ്രിയ കഥാകാരിയെ മരണശേഷവും ഇസ്ലാമിക മതമൗലികവാദികൾ വേട്ടയാടുകയാണെന്നാണ് സംഘ്പരിവാർ പത്രം തട്ടിവിടുന്നത്. ജീവിച്ചിരിക്കുമ്പോൾ ഇസ്ലാമാശ്ലേഷത്തെ ചൊല്ലിയും മരണശേഷം ശവസംസ്കാരത്തെ ചൊല്ലിയും ആ പ്രിയ കഥാകാരിയെ ക്രൂരമായി വേട്ടയാടുന്നത് മുസ്ലിം 'മതമൗലികവാദികള'ല്ല; ഉള്ളിൽ വർഗീയ വിഷം കാത്തുസൂക്ഷിക്കുന്ന ചിലരാണ്. പ്രിയപ്പെട്ട മാതാവിന്റെ അന്ത്യാഭിലാഷം നിറവേറ്റിക്കൊടുക്കാൻ അവരുടെ മൃതദേഹം തങ്ങളുടെ പള്ളിപ്പറമ്പിൽ, ജാതി മത ഭേദമന്യേ സർവർക്കും സ്വാഗതമരുളിക്കൊണ്ട് സംസ്കരിക്കാൻ സർവ സഹായവും ചെയ്തുകൊടുത്തതാണോ 'മുസ്ലിം മത മൗലികവാദികൾ' ചെയ്ത തെറ്റ്?




ആളുകളെയും അവസരങ്ങളെയും കൃത്യമായി വിലയിരുത്തുന്നതിൽ മാധവിക്കുട്ടിക്ക് പിഴവ് പറ്റിയെന്നും എടുത്ത തീരുമാനങ്ങളിൽ പലപ്പോഴും അവർ ചഞ്ചലചിത്തയായിരുന്നുവെന്നുമാണ് ഭാരതീയ വിചാരവേദിയുടെ മുഖ്യ സാരഥി പി. പരമേശ്വരന്റെ കണ്ടെത്തൽ. അദ്ദേഹത്തിന്റെ വാദത്തെ സുറയ്യയുടെ മകൻ എം.ഡി നാലപ്പാട്ട് ഖണ്ഡിക്കുന്നതിങ്ങനെ: “ശരിയെന്ന് തോന്നിയ കാര്യത്തിൽ അവർ ഉറച്ചുനിന്നു. ആരെയും ഭയന്നില്ല. ഇസ്ലാംമതാശ്ലേഷവും അങ്ങനെയൊരു തീരുമാനമായിരുന്നു. ഏറെ കാലമായി അത് അമ്മയുടെ അകത്തുണ്ടായിരുന്നു. ഇസ്ലാമിന്റെ രണ്ടാം സുവർണകാലത്തെയാണ് അമ്മ സ്വപ്നം കാണുന്നതും പ്രതിനിധീകരിക്കുന്നതും.” മതംമാറ്റത്തിനു ശേഷം, താൻ ബോധപൂർവം തെരഞ്ഞെടുത്ത പാതയിൽ നാനാ ഭാഗത്തുനിന്നും നിരന്തരം ഭീഷണിയുയർന്നപ്പോഴും, ആരെയും ഭയപ്പെടാതെ അവസാനം വരെ ഉറച്ചുനിന്ന ഒരു വ്യക്തിയെക്കുറിച്ച്, 'എടുത്ത തീരുമാനങ്ങളിൽ അവർ ചഞ്ചലചിത്തയായിരുന്നു' എന്ന് തട്ടിവിടുന്നത് വിവരക്കേടാണ്.

സുറയ്യ മരണപ്പെട്ടപ്പോൾ മൃതദേഹം പിറന്ന മണ്ണിലാണ് സംസ്കരിക്കേണ്ടതെന്ന് ന്യായം പറയുന്നവർ, തനിക്ക് ഇഷ്ടപ്പെട്ട വഴി തെരഞ്ഞെടുത്തതിന്റെ പേരിൽ ഗത്യന്തരമില്ലാതെ പിറന്ന മണ്ണിൽനിന്ന് പൂനയിലേക്ക് അവർ 'ഹിജ്റ' പോവാൻ നിർബന്ധിതയായപ്പോൾ എവിടെയാണ് പോയൊളിച്ചത്? എല്ലാ ആഴ്ചയും മുടങ്ങാതെ തെറിയഭിഷേകം നടത്തി അയച്ചിരുന്ന ഒരു പോസ്റ്റ് കാർഡിനെക്കുറിച്ച് ലീലാ മേനോനുമായി നടത്തിയ ഒരു അഭിമുഖത്തിൽ സുറയ്യ ഏറെ ഖിന്നയായി സൂചിപ്പിച്ചിരുന്നു. മൗലികാവകാശത്തിന്റെയും ആവിഷ്കാര സ്വാതന്ത്ര്യത്തിന്റെയും പേരിൽ സദാ വായിട്ടടിക്കാറുള്ള ബുദ്ധിജീവികളും സാംസ്കാരിക നായകന്മാരും ആ കാലത്ത് എവിടെയായിരുന്നുവെന്ന് ചോദിക്കുന്നത് വെറുതെ.

കമലാ സുറയ്യയായി മാറിയ മാധവിക്കുട്ടിയുടെ ജീവിതം ഗ്രീക്ക് ദുരന്ത നാടകമാണ് പി. പരമേശ്വരന്റെ വിചാരവീഥിയിൽ! 'ആർഷ ജ്ഞാനത്തിന്റെ നാലമ്പലത്തിൽ ആരംഭിച്ച് പാളയം പള്ളിയിലെ ശവകുടീരത്തിലവസാനിച്ച ജീവിത യാത്ര നാടകീയമായിരുന്നു' എന്നാണ് പി. പരമേശ്വരൻ നിരീക്ഷിക്കുന്നത് (*മാതൃഭൂമി* 3.6.2009). 'യേ യഥാമാം പ്രപദ്യന്തേ താം സ്തഥൈവ ഭജാമ്യഹം, മമവർമാനുവർത്തന്തേ, മനുഷ്യാ! പാർഥ സർവശ്യ' (ആരേതു തരത്തിൽ എന്നെ ശരണം പ്രാപിക്കുന്നുവോ, ആ തരത്തിൽ തന്നെ ഞാനവരെ അനുഗ്രഹിക്കുന്നു. മനുഷ്യർ ഏതു വിധത്തിലായാലും എന്റെ വഴി തന്നെയാണ് അനുവർത്തിക്കുന്നത്) എന്ന് ഉദ്ഘോഷിക്കുന്ന ഭഗവത് ഗീതയോട് പ്രതിബദ്ധത പുലർത്തുന്നുവെങ്കിൽ, കമലാ സുറയ്യയുടെ ആർഷ ജ്ഞാനത്തിന്റെ നാലമ്പലത്തിൽനിന്നാരംഭിച്ച് പാളയം പള്ളിയിലെ ശവകുടീരത്തിലവസാനിച്ച ▶

ജീവിതയാത്രയെ പരമേശ്വരൻ ദുരന്ത നാടകമായി കാണുന്നത് ശരിയാണോ?

തങ്ങളുടെ അമ്മയുടെ അന്ത്യാഭിലാഷം മാനിച്ച് അവരുടെ മൃതദേഹം തങ്ങളുടെ വിശ്വാസാചാരങ്ങളുമായി ബന്ധമില്ലാത്ത മറ്റൊരു വിശ്വാസാചാരമനുസരിച്ച് മറവു ചെയ്യാനും മരണാനന്തര ചടങ്ങുകൾ നിർവഹിക്കാനും വിട്ടുകൊടുക്കുകയും മുസ്‌ലിം സഹോദരങ്ങളൊന്നിച്ച് സർവ ചടങ്ങുകളിലും പങ്കെടുക്കുകയും ചെയ്ത സുറയ്യയുടെ കുടുംബാംഗങ്ങളെയും, സർവ മത സാഹോദര്യത്തിന്റെ ഉദാത്ത മാതൃക കാഴ്ചവെച്ച പാളയം പള്ളി ഭാരവാഹികളെയും മുക്തകണ്ഠം പ്രശംസിക്കാൻ നമ്മുടെ ബുദ്ധിജീവികളും സാംസ്കാരിക നായകന്മാരും എന്തേ മടിച്ചുനിൽക്കുന്നു?

**റഹ്മാൻ മധുരക്കുഴി**

# ഒരേ തൂവൽപക്ഷികളെപ്പോലെ *ജന്മഭൂമി*യും *വീക്ഷണ*വും

**കമലാ** സുറയ്യയുടെ ഖബ്റടക്കത്തെ ചൊല്ലി ജമാഅത്തെ ഇസ്‌ലാമിക്കെതിരെ മുസ്‌ലിം സംഘടനകൾ തുറന്നടിച്ചെന്ന് ആരോപിക്കുന്ന *കേരള ശബ്ദം* (21.6.09) റിപ്പോർട്ട് ഒട്ടും നിഷ്പക്ഷമോ വസ്തുനിഷ്ഠമോ അല്ല. മലയാള ദിനപത്രങ്ങളിൽ സംഘ്പരിവാറിന്റെ *ജന്മഭൂമി*യും കോൺഗ്രസ്സിന്റെ *വീക്ഷണ*വുമാണ് ഈവിധത്തിൽ നിഷേധാത്മക പ്രസരണം നടത്തിയിരിക്കുന്നത്. കമലാ സുറയ്യയുടെ വ്യത്യസ്തവും മാതൃകാപരവുമായ ഖബ്റടക്കൽ കർമം വാചാലവും മനോഹരവുമായ ഒരു മഹാകാവ്യം കണക്കെയാണ് കൈരളിക്ക് അനുഭവപ്പെട്ടത്. ജമാഅത്തെ ഇസ്‌ലാമിക്ക് അതിൽ അനർഹ സ്വാധീനമോ മേധാവിത്വമോ ഉണ്ടായിരുന്നതായി നിഷ്പക്ഷ പ്രേക്ഷകർക്കാർക്കും തോന്നിയിട്ടില്ല. മരണാനന്തര ചടങ്ങുകളിൽ ജമാഅത്തെ ഇസ്‌ലാമി നേതാക്കൾ മാത്രമല്ല പങ്കെടുത്തത്. ജാതി-മത ഭേദമന്യേ ധാരാളം നേതാക്കൾ പങ്കെടുത്തിട്ടുണ്ട്. ലേഖകൻ പേരെടുത്ത് പറയുന്ന ശൈഖ് മുഹമ്മദ് കാരകുന്നും എൻ.എം അബ്ദുർറഹ്മാനും പുറമെ വേറെയും നേതാക്കൾ മരണാനന്തര ചടങ്ങുകളിൽ പങ്കെടുത്തിട്ടുണ്ട്. ലേഖകൻ സൂചിപ്പിച്ച രണ്ട് വ്യക്തികളും സുറയ്യയുടെ കുടുംബവുമായി ദീർഘകാലമായി ആത്മബന്ധം പുലർത്തിയിരുന്നവരാണ്. അതിനാലവർ മരണാനന്തര കർമങ്ങളിൽ ആദ്യന്തം പങ്കെടുത്തതിനെ മറ്റൊരർഥത്തിൽ കാണേണ്ടതില്ല. സുറയ്യയുടെ ബന്ധുമിത്രാദികൾക്കില്ലാത്ത വിഷമം മറ്റുള്ളവർക്കുണ്ടാകേണ്ട കാര്യവുമില്ല.

ജീവിതകാലത്തുതന്നെ കമലാ സുറയ്യ *പ്രബോധനം* വാരികയിൽ എഴുതാറുണ്ടായിരുന്നു. അവരുടെ രണ്ട് കൃതികൾ (*യാ അല്ലാഹ്, സസ്നേഹം*) പ്രസിദ്ധീകരിച്ചത് ഇസ്‌ലാമിക് പബ്ലിഷിംഗ് ഹൗസ് ആണ്. *യാ അല്ലാഹ്* എന്ന കാവ്യകൃതി അറബിയിലേക്ക് വിവർത്തനം ചെയ്തത് ജമാഅത്തെ ഇസ്‌ലാമി നേതാവും കുറ്റ്യാടി മഹല്ല് ഖാദിയുമായിരുന്ന കെ. മൊയ്തു മൗലവിയാണ്. ഇത്രയൊക്കെ ബന്ധമുണ്ടെങ്കിൽ, അത് കുടുംബാംഗങ്ങൾക്കറിയുമെങ്കിൽ, ജമാഅത്തെ ഇസ്‌ലാമിയുടെ സജീവ സാന്നിധ്യം സുറയ്യയുടെ മരണാനന്തര ചടങ്ങുകളിലുണ്ടാവുക സ്വാഭാവികമാണ്. അമുസ്‌ലിംകളുമായി ആരോഗ്യകരമായ രീതിയിൽ പണ്ടുമുതലേ ആശയവിനിമയം നടത്തുകയും തങ്ങളുടെ വേദികളിൽ അന്യരെ പങ്കെടുപ്പിക്കുകയും ചെയ്യുന്ന ധാർമിക പ്രസ്ഥാനമാണ് ജമാഅത്തെ ഇസ്‌ലാമി. അതൊരിക്കലും കേവല മത സംഘടനയല്ല.

കമലാ സുറയ്യയുടെ മതപരിവർത്തനം സങ്കീർണതകളില്ലാത്ത, ആശങ്കിക്കേണ്ടതില്ലാത്ത ഒരു ആശയമാറ്റം മാത്രമാണെന്ന പാഠമാണ് മരണാനന്തര ചടങ്ങ് നമുക്ക് നൽകുന്ന സന്ദേശം. മതം മാറ്റത്തോടെ (ഏതു മതത്തിലേക്കായാലും) അഛൻ, അമ്മ, ഭർത്താവ്, സഹോദരൻ എന്നിത്യാദി ബന്ധങ്ങൾ വിഛേദിക്കപ്പെട്ട് അന്യവത്കരിക്കപ്പെടുന്നുവെന്ന ദുരവസ്ഥക്ക് അറുതി വരുത്തുന്നതിന്റെ നല്ല തുടക്കമായി സുറയ്യയുടെ മതംമാറ്റത്തെ കാണാവുന്നതാണ്. അന്യർക്ക് മുസ്‌ലിം പള്ളികളിൽ പ്രവേശിക്കാനും ചടങ്ങുകളിൽ ഭാഗഭാക്കാവാനും ഉള്ളഴിഞ്ഞ് പരസ്പരം ഇടപഴകാനുമുള്ള ഉദാത്തവും ഊഷ്മളവുമായ ആദാന-പ്രദാന പ്രക്രിയക്ക് ആക്കം വർധിപ്പിക്കുന്ന ഒരു സൽകാര്യമായിട്ടാണ് ഈ മരണാനന്തര ചടങ്ങുകളെ കാണേണ്ടത്. ഒരു ബഹുസ്വര സമൂഹത്തിന് പ്രയോജനപ്രദമായ മാതൃക കാഴ്ചവെക്കുന്നതിൽ ജമാഅത്തെ ഇസ്‌ലാമി ശ്രദ്ധേയമായ പങ്ക് വഹിച്ചതിൽ അസൂയ പുലർത്തുന്നവരുണ്ട് എന്ന കാര്യവും മറച്ചുവെക്കേണ്ടതില്ല.

പള്ളി ഉദ്ഘാടനവേളകളിലും ഈദ് പരിപാടികളിലും നൂറുകണക്കിന് പ്രദേശങ്ങളിൽ അമുസ്‌ലിംകളെ പങ്കെടുപ്പിക്കാൻ ജമാഅത്തെ ഇസ്‌ലാമി ശ്രദ്ധിക്കുകയും ശ്രമിക്കുകയും ചെയ്യാറുണ്ട്. ഓണം, ക്രിസ്മസ് തുടങ്ങിയ സന്ദർഭങ്ങളിൽ ജമാഅത്തെ ഇസ്‌ലാമി സ്ഥിരമായി സുഹൃദ് സംഗമങ്ങൾ സംഘടിപ്പിക്കാറുമുണ്ട്.

ജമാഅത്തെ ഇസ്‌ലാമിയെ വിമർശിക്കേണ്ടവർക്ക് വിമർശിക്കാവുന്നതാണ്. പക്ഷേ കലമാ സുറയ്യയെയും അവരുടെ മരണാനന്തര ചടങ്ങുകളെയും അതിലേക്ക് വലിച്ചിഴക്കാതിരിക്കലായിരിക്കും മാന്യത. കമലാ സുറയ്യ ജമാഅത്തെ ഇസ്‌ലാമിയുടേതല്ല. മറിച്ച് മലയാള സാഹിത്യത്തിന്റെയും ഭാരതീയ സംസ്കൃതിയുടേതുമാണ്.

യു.ഡി.എഫ് ലോബി, വിശിഷ്യാ കോൺഗ്രസ് സുറയ്യയുടെ മരണാനന്തര ചടങ്ങുകളിൽ ഒരുതരം അസഹ്യത പുലർത്തുന്നതായി *വീക്ഷണം* പത്രത്തിലെ ചില പരാമർശങ്ങളും പ്രസ്താവനകളിലെ സൂചനകളും വിളിച്ചോതുന്നുണ്ട്. *വീക്ഷണം* പത്രം *ജന്മഭൂമി*യോട് സാദൃശ്യപ്പെടുന്നത് കാണുമ്പോൾ യു.ഡി.എഫ് ആയിരുന്നു കേരളത്തിൽ അധികാരത്തിലെങ്കിൽ സുറയ്യയുടെ അന്ത്യകർമങ്ങൾ ഇങ്ങനെ മനോഹരമാകുമായിരുന്നില്ലെന്ന ചിലരുടെ നിരീക്ഷണം ശരിയാണെന്ന് തോന്നി. മന്ത്രി എം.എ ബേബിയുടെ ഇടപെടൽ മരണാനന്തര ചടങ്ങുകളെ അട്ടിമറിക്കാനുള്ള ചിലരുടെ ആഗ്രഹത്തെ പാഴിലാക്കിയിരിക്കാം. സാംസ്കാരിക വകുപ്പ് മന്ത്രി എം.എ ബേബിയും ഇടതുപക്ഷവും ഇക്കാര്യത്തിൽ പുലർത്തിയ നിലപാട് ശ്ലാഘനീയമാണെന്ന് പറയാതെ വയ്യ.

**എ.ആർ അഹ്മദ് ഹസൻ**